ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1190

# സൂറ- 43 / അസ്സുഖ്റുഫ്

**സൂക്തം: 01- 08**

സത്യനിഷേധികളെ ദൈവധിക്കാരത്തിനും പ്രവാചക വിരോധത്തിനും പ്രചോദിപ്പിക്കുന്ന യഥാർഥ സംഗതി അവർക്ക് കൈവന്നിട്ടുള്ള ഭൗതിക സുഖഭോഗങ്ങളാണ്. ഈ ക്ഷണിക ഭോഗങ്ങൾക്ക് അല്ലാഹുവിന്റെ ത്രാസിൽ ഒരു തൂക്കവുമുണ്ടാവില്ലെന്ന് അവരറിയുന്നില്ല. ചെകുത്താൻ യാഥാർഥ്യങ്ങൾക്കു നേരെ അവരുടെ കണ്ണുകൾ മൂടിക്കെട്ടിയിരിക്കുന്നു. പ്രവാചകന്റെ സത്യപ്രബോധനം കൊണ്ട് ആ മുഖംമൂടി അഴിഞ്ഞുപോകുന്നില്ലെങ്കിൽ അതു പ്രവാചകന്റെ കുറ്റമല്ല; അവരുടെ കുറ്റമാണ്.

## ആമുഖം

35-ാം സൂക്തത്തിൽ വന്നിട്ടുള്ള زخرف എന്ന പദമാണ് സൂറയുടെ ഔദ്യോഗിക നാമമായി നിശ്ചയിച്ചിട്ടുള്ളത്. ചിലർ ഹാമീം സുഖ്റുഫ് എന്നും വിളിച്ചിട്ടുണ്ട്. സുഖ്റുഫ് പരാമർശിക്കപ്പെടുന്ന സൂറ എന്നതാണ് നാമകരണത്തിന്റെ ഔചിത്യം.

ഹാ-മീം എന്നു തുടങ്ങുന്ന തുടർ സൂറകളിൽ നാലാമത്തേതാണ് *സുഖ്റുഫ്.* ഇതിന്റെ അവതരണം പൂർണമായും മക്കയിലാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. മുസ്ഹഫിൽ 43-ാമത്തെതായി ചേർത്തിട്ടുള്ള ഈ സൂറ അവതരണ ക്രമപ്രകാരം 62-ാമത്തെതാണ്. സൂറ *ഫുസ്സിലത്തി*ന്റെയും അദ്ദുഖാനിന്റെയും ഇടക്കാണവതരണം. ഹാ-മീം കൊണ്ട് തുടങ്ങുന്ന സൂറകളെല്ലാം അവതരിച്ചത് ഏതാണ്ട് ഒരേ കാലഘട്ടത്തിലും സാഹചര്യത്തിലുമായിരുന്നു. മുസ്‌ലിംകളുടെ അബ്സീനിയൻ ഹിജ്റക്ക് തൊട്ടുമുമ്പ് ഖുറൈശികൾ മുസ്‌ലിംകൾക്ക് നേരെയുള്ള മർദനം കടുപ്പിക്കുകയും പ്രവാചകനെ അപായപ്പെടുത്താൻ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യം.

കഴിഞ്ഞ സൂറയുടെ വിഷയങ്ങൾ തന്നെയാണ് ഈ സൂറയും വ്യത്യസ്തമായ ശൈലിയിൽ ചർച്ച ചെയ്യുന്നത്. അതുതന്നെയാണ് ഈ സൂറകൾ തമ്മിലുള്ള ബന്ധം. വിഷയത്തിന്റെ, കഴിഞ്ഞ സൂറ സ്പർശിച്ചിട്ടില്ലാത്ത ചില വശങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നുണ്ട്. ജനങ്ങളുടെ സന്മാർഗ ദർശനത്തിനുവേണ്ടി അല്ലാഹു പ്രവാചകന് ദിവ്യബോധനം ചെയ്ത വിശുദ്ധ വേദമാണ് ഖുർആൻ എന്ന് പറഞ്ഞുകൊണ്ടാണല്ലോ കഴിഞ്ഞ സൂറ അവസാനിച്ചത്. ഖുർആനിന്റെ ചില ഗുണങ്ങളെ സാക്ഷിയാക്കി സത്യം ചെയ്തുകൊണ്ടാണ് ഈ സൂറ ആരംഭിക്കുന്നത്. സത്യനിഷേധികളുടെ എതിർപ്പ് മാനിച്ച് അല്ലാഹു ഈ വേദം പിൻവലിക്കുമെന്നൊന്നും വ്യാമോഹിക്കേണ്ട എന്നും ഉണർത്തുന്നു.

തുടർന്ന് ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും അർഥശൂന്യത വ്യക്തമാക്കുന്നു. പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്നത് അല്ലാഹുവാണെന്ന് നിസ്സങ്കോചം സമ്മതിക്കുന്നവരാണീ അറബികൾ. അതോടൊപ്പമാണ് അവർ അല്ലാഹുവിന്റെ സൃഷ്ടികളെ ദൈവങ്ങളായി വരിക്കുകയും ആരാധിക്കുകയും ചെയ്യുന്നത്. അല്ലാഹുവിന്റെ സൃഷ്ടികളും ദാസന്മാരുമായ മലക്കുകളെയും ദൈവങ്ങളായി

കരുതുന്നു. മലക്കുകൾ ദൈവത്തിന്റെ പെൺമക്കളാണത്രെ. തങ്ങൾക്ക് പെൺമക്കൾ ജനിക്കുന്നത് ഭാരവും അപമാനവുമായി കരുതുന്നവരാണ് സകലമാന ന്യൂനതകളിൽനിന്നും പരിശുദ്ധനെന്ന് അവർ തന്നെ വിശ്വസിക്കുന്ന അല്ലാഹുവിന് പെൺമക്കളെ ആരോപിക്കുന്നത്. ഇതിനൊന്നും ഒരു പ്രമാണവുമില്ല. ആകെ പറയാനുള്ള ന്യായം, ഇതൊക്കെ ഞങ്ങളുടെ പൈതൃകമായ വിശ്വാസവും ആചാരവുമാണെന്നാണ്. പൂർവപിതാക്കൾക്ക് ഇതെവിടെന്നു കിട്ടി എന്ന് അന്വേഷിക്കുന്നില്ല. പ്രപഞ്ച പ്രകൃതിയും മനുഷ്യ ബുദ്ധിയും അതിനെ സാധൂകരിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നില്ല. ഇസ്മാഈല്യരുടെ ഏറ്റം ആദരണീയനും മാതൃകാ യോഗ്യനുമായി അവർ കൊണ്ടാടിവരുന്ന പൂർവ പിതാവാണ് ഇബ്റാഹീം(അ). ഏകദൈവമല്ലാതെ നിങ്ങൾ ആരാധിക്കുന്ന സകല ദൈവങ്ങളെയും ഞാൻ നിരാകരിക്കുന്നു - انني برآء مما تعبدون- എന്നു പ്രഖ്യാപിച്ചുകൊണ്ട് സ്വന്തം നാടും വീടും ഉപേക്ഷിച്ച് പലായനം ചെയ്ത പ്രവാചകനാണദ്ദേഹം. സത്യം ഇതായിരിക്കെ ബഹുദൈവാരാധന ഞങ്ങളുടെ വിശിഷ്ട പൈതൃകമാണ് എന്നവകാശപ്പെടുന്നതിൽ എന്തർഥമാണുള്ളത്?

സത്യനിഷേധികളെ ദൈവധിക്കാരത്തിനും പ്രവാചക വിരോധത്തിനും പ്രചോദിപ്പിക്കുന്ന യഥാർഥ സംഗതി അവർക്ക് കൈവന്നിട്ടുള്ള ഭൗതിക സുഖഭോഗങ്ങളാണ്. ഈ ക്ഷണിക ഭോഗങ്ങൾക്ക് അല്ലാഹുവിന്റെ ത്രാസിൽ ഒരു തൂക്കവുമുണ്ടാവില്ലെന്ന് അവരറിയുന്നില്ല. ചെകുത്താൻ യാഥാർഥ്യങ്ങൾക്കു നേരെ അവരുടെ കണ്ണുകൾ മൂടിക്കെട്ടിയിരിക്കുന്നു. പ്രവാചകന്റെ സത്യപ്രബോധനം കൊണ്ട് ആ മുഖംമൂടി അഴിഞ്ഞുപോകുന്നില്ലെങ്കിൽ അതു പ്രവാചകന്റെ കുറ്റമല്ല; അവരുടെ കുറ്റമാണ്. ഈ പശ്ചാത്തലത്തിൽ അഹന്തകൊണ്ടും അധികാരം കൊണ്ടും അന്ധനായിപ്പോയ ഫറവോന്റെ കഥ അവരെ ഓർമിപ്പിക്കുന്നു. ഫറവോനെ പ്രബോധനം ചെയ്ത മൂസാ(അ)യെ അയാൾ പരിഹസിച്ചു തള്ളുകയും ദ്രോഹിക്കുകയുമായിരുന്നു. ഒടുവിൽ അയാൾ ദാരുണമായ ദുരന്ത പരിണതിയിലകപ്പെട്ടു. നിഷേധവും ധിക്കാരവും തുടരുകയാണെങ്കിൽ ഖുറൈശികളുടെ പരിണതിയും അതുതന്നെയായിരിക്കുമെന്ന് താക്കീതു ചെയ്യുന്നു.

ക്രൈസ്തവർ ദൈവമായി കരുതി ആരാധിക്കുന്ന ഈസാ നബിയെ അനുസ്മരിച്ചുകൊണ്ട്, യഥാർഥത്തിൽ അദ്ദേഹം ഏകദൈവ വിശ്വാസിയും അതിന്റെ പ്രബോധകനുമായിരുന്നുവെന്നുണർത്തുന്നു. ان الله هو ربي وربكم فاعبدوه - അല്ലാഹു മാത്രമാണ് എന്റെയും നിങ്ങളുടെയും വിധാതാവ്. ആകയാൽ അവനെ മാത്രം ആരാധിക്കുവിൻ- എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഉദ്ധരിച്ചുകൊണ്ട് അക്കാര്യം സ്ഥിരീകരിക്കുന്നു.

ഇതിനിടയിൽ ആനുഷംഗികമായി പല വിഷയങ്ങളും കയറിവരുന്നുണ്ട്. സത്യവിശ്വാസികളുടെ ശുഭപര്യവസാനവും നിഷേധികളുടെ ദുഷ്പരിണതിയും വർണിച്ചുകൊണ്ടും, നിഷേധികളോട് വിട്ടുവീഴ്ചയോടെ വർത്തിക്കണമെന്ന് പ്രവാചകനെ ഉപദേശിച്ചുകൊണ്ടും സൂറ സമാപിക്കുന്നു. ●

---

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

حمٓ ﴿١﴾

وَٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾

إِنَّا جَعَلۡنَٰهُ قُرۡءَٰنًا عَرَبِيّٗا لَّعَلَّكُمۡ تَعۡقِلُونَ ﴿٣﴾

وَإِنَّهُۥ فِيٓ أُمِّ ٱلۡكِتَٰبِ لَدَيۡنَا لَعَلِيٌّ حَكِيمٌ ﴿٤﴾

1. ഹാ-മീം
2. സുവ്യക്തമായ ഈ വേദമാണ,
3. നാമിത് അറബി ഭാഷയിലുള്ള ഖുർആൻ ആക്കിയിരിക്കുന്നു. നിങ്ങൾ യാഥാർഥ്യങ്ങൾ ബുദ്ധിപൂർവം മനസ്സിലാക്കാൻ
4. നിശ്ചയം, അതു നമ്മുടെ പക്കലുള്ള മൂലവേദത്തിൽ ഉള്ളതത്രെ. അത്യുന്നതവും ജ്ഞാനദായകവുമായ വേദം.

**1-4**

وَالْكِتَابِ الْمُبِينِ = സുവ്യക്തമായ ഈ വേദമാണ, إِنَّا جَعَلْنَاهُ = നാം അത് ആക്കിയിരിക്കുന്നു

قُرْآنًا عَرَبِيًّا = അറബി ഖുർആൻ (അറബി ഭാഷയിൽ ഏറെ പാരായണം ചെയ്യപ്പെടുന്നത്)

لَعَلَّكُمْ تَعْقِلُونَ = നിങ്ങൾ (യാഥാർഥ്യങ്ങൾ ബുദ്ധിപൂർവം) മനസ്സിലാക്കാൻ

وَإِنَّهُ فِي أُمِّ الْكِتَابِ = നിശ്ചയം ഇത് മൂലവേദത്തിൽ ഉള്ളതത്രെ

لَدَيْنَا = നമ്മുടെ പക്കൽ (ഉള്ള) لَعَلِيٌّ حَكِيمٌ = അത്യുന്നതവും ജ്ഞാന(ദായകവുമായ)മുള്ളതും

തുടക്കത്തിലുള്ള ഹാ-മീം-നെക്കുറിച്ച് തൊട്ടുമുമ്പുള്ള സൂറകളുടെ തുടക്കത്തിൽ ചർച്ച ചെയ്തിരിക്കുന്നു. അൽകിതാബ് - ഈ വേദം- ഖുർആനാണ്. തെളിവുകളാലും സാക്ഷ്യങ്ങളാലും സ്ഥിരപ്പെട്ടതും സുതാര്യമായതുമാണ് 'മുബീൻ.' നാൽപത്തിനാലാം സൂറയും തുടങ്ങുന്നത് وَالْكِتَابِ الْمُبِينِ എന്നു സത്യം ചെയ്തുകൊണ്ടാണ്. ഖുർആൻ സൂക്തങ്ങൾ സുവ്യക്തവും അതിന്റെ വിധിവിലക്കുകൾ തെളിവുകളാലും ന്യായങ്ങളാലും സ്ഥിരപ്പെട്ടതുമാണെന്ന കാര്യം തർക്കമറ്റതാകുന്നു എന്ന നിലക്കാണ് വൽ 'കിതാബിൽ മുബീൻ' എന്നു സത്യം ചെയ്യുന്നത്. ഈ സൂറ മാത്രമല്ല, ഇതിനു മുമ്പും പിമ്പുമുള്ള 38 മുതൽ 46 വരെയുള്ള എല്ലാ സൂറകളും തുടങ്ങുന്നത് ഖുർആനിനെ സാക്ഷിയാക്കി സത്യം ചെയ്തുകൊണ്ടോ, അതിന്റെ അവതരണം അല്ലാഹുവിങ്കൽനിന്നാണെന്ന് ഉറപ്പിച്ചുകൊണ്ടോ ആണ്. ഖുർആനിന്റെ ദൈവികതക്കും അതിന്റെ വിധിവിലക്കുകളുടെ സുതാര്യതക്കും അല്ലാഹു കൽപിക്കുന്ന പ്രാധാന്യത്തിന്റെ നിദർശനമായി ആവർത്തിച്ചുള്ള ഈ സത്യപ്രസ്താവനയെ കാണാവുന്നതാണ്.

إِنَّا جَعَلْنَاهُ قُرْآنًا عَرَبِيًّا എന്ന കാര്യമാണ് സത്യം ചെയ്തു പറയുന്നത്. ഖുർആൻ അറബി ഭാഷയിലാണെന്നത് സാധാരണ ഗതിയിൽ സത്യം ചെയ്തു വിശ്വസിപ്പിക്കേണ്ട കാര്യമല്ല. ഖുർആൻ വായിക്കുകയും കേൾക്കുകയും ചെയ്യുന്ന ആർക്കും ഒരു തെളിവിന്റെയും സാക്ഷിയുടെയും ആവശ്യമില്ലാതെ തന്നെ അനിഷേധ്യമായി ബോധ്യപ്പെടുന്ന സത്യമാണത്. എങ്കിലും ഖുർആനിന്റെ അറബിയ്യത്ത് പത്തിലേറെ സന്ദർഭങ്ങളിൽ ആവർത്തിച്ചു പരാമർശിക്കുന്നുണ്ട്. ഉദാ: 12:2, 13:37, 41:3,44, 42:7. ഖുർആനിന്റെ അറബിയ്യത്ത്, മുഹമ്മദീയ പ്രബോധനത്തിന്റെ പ്രചാരത്തിലും ഖുർആനിന്റെ സുതാര്യതയിലും ലോകാവസാനം വരെയുള്ള അതിന്റെ അന്യൂനമായ നിലനിൽപിലും വിപുലമായ പങ്കുവഹിക്കുന്നു എന്നതുകൊണ്ടാണീ ആവർത്തനം. വിശദമായ ചർച്ച നടേ സൂചിപ്പിച്ച സൂക്തങ്ങൾക്കു താഴെ കാണുക. ഇവിടെ ഖുർആന്റെ അവതരണം അറബി ഭാഷയിലാണെന്ന് സത്യം ചെയ്യുന്നത് അത് അറബികൾക്കും അവർ മുഖേന ലോകത്തിനു മുഴുവനും അനായാസം ഗ്രഹിക്കാൻ കഴിയുന്നതാണെന്ന് സ്ഥിരപ്പെടുത്താനാണ്. അതു ഗ്രഹിക്കുന്നവർ ബുദ്ധിപൂർവം സത്യാസത്യങ്ങൾ വിവേചിച്ച് പ്രപഞ്ചത്തിന്റെയും സ്വന്തം ജീവിതത്തിന്റെയും യാഥാർഥ്യത്തിലെത്തിച്ചേരുകയാണ് ലക്ഷ്യം; സത്യത്തിന് സാക്ഷിയാക്കുന്നതിലൂടെ ഖുർആനിനെ മഹത്വപ്പെടുത്തുകയാണ്. തുടർന്ന് പറയുന്ന, സത്യം ചെയ്തു സ്ഥിരപ്പെടുത്തുന്ന കാര്യ (جواب القسم) ത്തിന്റെ പ്രാധാന്യം ഈ സത്യം വർധിപ്പിക്കുന്നുണ്ട്. അധികം വായിക്കപ്പെടുന്നതിനും അധികം വായിക്കുന്നതിനും قرآن എന്നു പറയും. ഇവിടെ രണ്ടർഥവും സാധുവാകുന്നു. ലോകത്ത് ഏറ്റവുമധികം വായിക്കുന്നതും വായിക്കപ്പെടുന്നതുമായ വേദം ഖുർആനാകുന്നു. ഖുർആൻ പാരായണം വിശ്വാസികളുടെ നിത്യജീവിതത്തിന്റെയും നിത്യാരാധനയുടെയും ഭാഗമാണ്. അതു പൂർണമായി ഹൃദിസ്ഥമാക്കിയവർ (ഹാഫിളുകൾ) തന്നെ ലോകമെങ്ങും ആയിരക്കണക്കിനുണ്ട്.

ഖുർആനിന്റെ മഹത്വം വീണ്ടും ഊന്നിപ്പറയുകയാണ് وَإِنَّهُ .... حَكِيمٌ എന്ന വാക്യം. ഇതങ്ങനെ ചിരിച്ചു തള്ളേണ്ട പുസ്തകമല്ല. ഗുരുതരവും പരിപാവനവുമാണ്. ജിന്നുകളുടെ പ്രചോദനമോ ജ്യോത്സ്യന്മാരുടെ പ്രലപനമോ കവിഭാവനയോ പ്രഭാഷകരുടെ വാഗ്ധാടിയോ ആയി കണ്ട് അതിനെ പരിഹസിക്കുന്നത് മഹാ അബദ്ധമാകുന്നു. പ്രപഞ്ചത്തിന്റെ വിധാതാവ് തന്റെ പക്കൽ സൂക്ഷിച്ചിട്ടുള്ള സർവജ്ഞാനങ്ങളും സർവകാലങ്ങളിലേക്കുമുള്ള അവന്റെ വിധികളും ഉൾക്കൊള്ളുന്ന അനാദിയായ സുരക്ഷിത ഫലകത്തി (لوح المحفوظ)ൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. أُمّ الْكِتَابِ-ന് മൂലഗ്രന്ഥമെന്നും ഗ്രന്ഥകേന്ദ്രമെന്നും കേന്ദ്ര ഗ്രന്ഥമെന്നും അർഥമാകാം. أمّ القرى നാടുകളുടെ കേന്ദ്രമാണ്. ഗ്രന്ഥകേന്ദ്രം, ഗ്രന്ഥത്തിന്റെ മുഖ്യ ഘടകം എന്ന അർഥത്തിൽ 3:7-ൽ مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ (അതിൽ സുവ്യക്ത സൂക്തങ്ങളുണ്ട്. അവയാണ് വേദത്തിന്റെ മുഖ്യ ഘടകം) എന്നു പ്രസ്താവിച്ചിരിക്കുന്നു. 13:39-ൽ لوح المحفوظ നെ ഉദ്ദേശിച്ച് وَعِندَهُ أُمُّ الْكِتَابِ എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ, നമ്മുടെ പക്കലുള്ള ഉമ്മുൽ കിതാബ് എന്നു പറഞ്ഞതിൽനിന്ന് അത് لوح المحفوظ ആണെന്ന് വ്യക്തമാകുന്നു. അതായത് സർവജ്ഞാനത്തിന്റെയും യഥാർഥ സ്രോതസ്സായ, പ്രപഞ്ചത്തിന്റെ പ്രകാശത്തിനുടയവനായ അല്ലാഹുവിന്റെ അനാദിയായ രേഖയിലുള്ള വചനങ്ങളാണിത്. അത് സ്വയം തന്നെ ഉന്നതവും അമാനുഷവുമാണ്. ഖുർആൻ അവതരിപ്പിച്ച അല്ലാഹുവിനെ കഴിഞ്ഞ സൂറയുടെ 51-ാം സൂക്തത്തിൽ عَلِيٌّ حَكِيمٌ എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഖുർആൻ ദിവ്യബോധനമാണെന്ന് പറയുമ്പോഴാണ് അവിടെയും ഈ വിശേഷണം വന്നിട്ടുള്ളത്. ഖുർആൻ തന്നെ علي-ഉം حكيم-ഉം ആകുന്നു എന്നാണിവിടെ പറയുന്നത്. അല്ലാഹു അത്യുന്നതനും യുക്തിജ്ഞനുമായതിനാൽ അവന്റെ വചനങ്ങളും അങ്ങനെയാവാതിരിക്കാൻ തരമില്ല. ഖുർആനിനെ علي എന്നു വിശേഷിപ്പിക്കുന്നതിന് അത് മറ്റെല്ലാ വേദങ്ങളെക്കാളും ഉയർന്നുനിൽക്കുന്നതാണ് എന്നുകൂടി താൽപര്യമുണ്ട്. പല കാലങ്ങളിലായി മാനവമാർഗദർശനാർഥം അവതീർണമായ വേദഗ്രന്ഥങ്ങളുടെ അവസാന പതിപ്പാണ് ഖുർആൻ. ഏതു ഗ്രന്ഥത്തിന്റെയും അവസാന പതിപ്പായിരിക്കുമല്ലോ ഏറ്റം പരിഷ്കൃതവും കാലികവുമായത്. ഓരോ വേദവും അതവതരിച്ച കാലത്തെ സമൂഹങ്ങളുടെ സാഹചര്യത്തെ സംബോധന ചെയ്യുന്നതായിരുന്നു. സാഹചര്യവും സമൂഹവും മാറുമ്പോൾ അതിൽ മാറ്റങ്ങളാവശ്യമാകും. എല്ലാ സമൂഹങ്ങളെയും സാഹചര്യങ്ങളെയും സംബോധന ചെയ്യുന്ന വേദമാണ് ഖുർആൻ. മറ്റു വേദങ്ങളിലുള്ള മൗലിക പ്രമാണങ്ങളെല്ലാം അതിലുണ്ട്. കൂടാതെ അവയിലില്ലാത്തതും പിൽക്കാലം ആവശ്യപ്പെടുന്നതുമായ ഉപദേശങ്ങളും നിയമങ്ങളും കൂടി അതുൾക്കൊള്ളുന്നു. 5:48-ൽ അതിപ്രകാരം വ്യക്തമാക്കിയിരിക്കുന്നു:

وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ

(പ്രവാചകാ, ഇപ്പോൾ നാം ഇതാ ഈ സമ്പൂർണ വേദം സത്യത്തോടെ നിനക്കവതരിപ്പിച്ചു തന്നിരിക്കുന്നു. ഇതു പൂർവ വേദത്തിൽനിന്ന് അതിന്റെ മുന്നിലുള്ളതിനെ സത്യപ്പെടുത്തുന്നതും പരിപാലിക്കുന്നതുമാകുന്നു). حكيم എന്ന വിശേഷണം, ഖുർആനിന്റെ വാഹകർക്ക് സത്യജ്ഞാനം നൽകുന്നുവെന്നും അത് ഉൾക്കൊള്ളുന്ന ദർശനങ്ങളും ശാസനകളും ദൈവികമായ യുക്തിയിലും ജ്ഞാനത്തിലും അധിഷ്ഠിതമാകുന്നു എന്നും സൂചിപ്പിക്കുന്നു. ●

أَفَنَضْرِبُ عَنكُمُ ٱلذِّكْرَ صَفْحًا أَن كُنتُمْ قَوْمًا مُّسْرِفِينَ ﴿٥﴾
وَكَمْ أَرْسَلْنَا مِن نَّبِيٍّ فِى ٱلْأَوَّلِينَ ﴿٦﴾
وَمَا يَأْتِيهِم مِّن نَّبِيٍّ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٧﴾
فَأَهْلَكْنَآ أَشَدَّ مِنْهُم بَطْشًا وَمَضَىٰ مَثَلُ ٱلْأَوَّلِينَ ﴿٨﴾

5. അക്രമി ജനമായതിനാൽ നിങ്ങൾക്കീ വേദമിറക്കുന്നത് നാം വേണ്ടെന്നു വെക്കുമെന്നോ?
6. എത്രയോ പ്രവാചകന്മാരെ നാം പൂർവ സമുദായങ്ങളിൽ നിയോഗിച്ചിട്ടുള്ളതാകുന്നു.
7. ജനത്തിൽ ആഗതനാകുന്ന ഒരു പ്രവാചകനെയും അവർ പരിഹസിക്കാതിരുന്നിട്ടില്ല.
8. അങ്ങനെ ഇവരെക്കാൾ പ്രബലരായ പരാക്രമികളെ നാം നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. അത്തരം പൂർവികരുടെ ഉദാഹരണങ്ങൾ ഏറെ കഴിഞ്ഞുപോയിരിക്കുന്നു.

**5-8**

أَفَنَضْرِبُ عَنكُمُ الذِّكْرَ صَفْحًا = നാം നിങ്ങൾക്ക് ഈ വേദം ഇറക്കുന്നത് വേണ്ടെന്നുവെക്കുമെന്നോ?

أَن كُنتُمْ قَوْمًا مُّسْرِفِينَ = നിങ്ങൾ അതിരുവിട്ട (ഒരക്രമി) ജനമായതിനാൽ

وَكَمْ أَرْسَلْنَا مِن نَّبِيٍّ = എത്രയോ പ്രവാചകന്മാരെ നാം നിയോഗിച്ചിട്ടുള്ളതാകുന്നു

فِي الْأَوَّلِينَ = മുമ്പന്മാരിൽ (പൂർവ സമുദായങ്ങളിൽ)

وَمَا يَأْتِيهِم مِّن نَّبِيٍّ = ഒരു പ്രവാചകനും അവരിൽ വരുന്നില്ല (ജനത്തിൽ ആഗതനാകുന്ന ഒരു പ്രവാചകനെയും)

إِلَّا كَانُوا بِهِ يَسْتَهْزِئُونَ = അവർ അദ്ദേഹത്തെ പരിഹസിക്കുന്നവരായിട്ടല്ലാതെ (പരിഹസിക്കാതിരുന്നിട്ടില്ല)

فَأَهْلَكْنَا = അങ്ങനെ നാം നശിപ്പിച്ചു കളഞ്ഞു

أَشَدَّ مِنْهُم بَطْشًا = പരാക്രമത്താൽ അവരെക്കാൾ കടുത്തവർ (ഇവരെക്കാൾ പ്രബലരായ പരാക്രമികളെ)

وَمَضَىٰ = കഴിഞ്ഞുപോയിരിക്കുന്നു مَثَلُ الْأَوَّلِينَ = മുമ്പന്മാരുടെ (പൂർവികരുടെ) ഉദാഹരണങ്ങൾ (ഏറെ)

‘പ്രഹര’മാണ് ഭാഷയിൽ ضرب. ഇതിന് ഒട്ടേറെ പ്രയോഗാർഥങ്ങളുണ്ട്. ضرب المثل ഉദാഹരിക്കലാണ്. ضرب في الأرض ദേശാടനം. ضرب الجصّ പ്ലാസ്റ്ററിംഗ്. ضرب العمال عن العمل തൊഴിലാളികളുടെ പണിമുടക്ക്. ضرب عنه شيئا ഒരുകാര്യം അയാൾക്കു വിലക്കി അല്ലെങ്കിൽ കാര്യത്തിൽനിന്ന് അയാളെ ഒഴിവാക്കി, കൈവെടിഞ്ഞു. إضربْ عنك الهمّ നിങ്ങൾ ദുഃഖം വെടിയുക. صفح-നും വിവിധ അർഥങ്ങളുണ്ട്. മാപ്പും ക്ഷമിക്കലും വിട്ടുവീഴ്ചയും അവഗണനയും തടവലും തലോടലുമൊക്കെ അതിൽ പെടുന്നു. ഹസ്തദാനത്തിന് مصافحة എന്നു പറയുന്നു. ഖുർആനാകുന്ന ഈ ഉദ്ബോധനം നിങ്ങൾക്ക് അയച്ചു തരുന്നത് നാം വേണ്ടെന്നു വെക്കുമോ? എന്നാണ് أفنضرب عنكم الذكر صفحا എന്ന പ്രയോഗത്തിന്റെ അർഥം. ചോദ്യം നിഷേധാർഥത്തിലുള്ളതാണ്.

വചനസാരം: സത്യത്തിന്റെയും ധർമത്തിന്റെയും നീതിയുടെയും പരിധികൾ ലംഘിച്ച് അക്രമത്തിലും അനാചാരത്തിലും വിഹരിക്കുന്ന നിങ്ങൾ ഈ പ്രവാചകനെയും അദ്ദേഹത്തിന്റെ പ്രബോധനത്തെയും തള്ളിപ്പറയുന്നതും, അദ്ദേഹത്തിലും ദൈവിക വേദത്തിലും വിശ്വസിക്കുന്ന അനുയായികളെ ക്രൂരമായി പീഡിപ്പിക്കുന്നതും കണ്ട് നാം ഈ വേദാവതരണം വേണ്ടെന്ന് വെച്ച്, നിങ്ങളെ അക്രമങ്ങളും അധർമങ്ങളും യഥേഷ്ടം ആചരിക്കാൻ വിട്ടയച്ചുകൊള്ളുമെന്ന് വിചാരിക്കുകയാണോ നിങ്ങൾ? വാസ്തവത്തിൽ നിങ്ങളെ ഗുരുതരമായ ധാർമികരോഗങ്ങൾ ബാധിച്ചിരിക്കുകയാണ്. അതെന്താണെന്നും അതിന്റെ അനന്തര ഫലങ്ങളെന്തായിരിക്കുമെന്നും രോഗശമനത്തിനുള്ള ചികിത്സകളെന്താണെന്നും പഠിപ്പിക്കാനാണ് പ്രവാചകനും വേദവും അയക്കപ്പെട്ടിരിക്കുന്നത്. നിങ്ങളതു മാനിച്ചാലും ഇല്ലെങ്കിലും അല്ലാഹുവിന്റെ നടപടി, നിങ്ങളിൽ അവന്റെ ന്യായം പൂർത്തിയാകുന്നതുവരെ തുടരുക തന്നെ ചെയ്യും. അതാണ് അല്ലാഹുവിന്റെ നടപടിക്രമം. അല്ലാഹുവിന്റെ ചികിത്സാ മുറകൾ സ്വീകരിക്കുന്നുവെങ്കിൽ അത് നിങ്ങൾക്കു നല്ലത്. ഇല്ലെങ്കിൽ അവൻ നിങ്ങളെ ഇഷ്ടാനുസാരം അനാചാരങ്ങളിലും അക്രമങ്ങളിലും ആറാടാൻ വിട്ടയക്കാനൊന്നും പോകുന്നില്ല. പുനരാലോചിക്കാനും ജീവിതം സംസ്കരിക്കാനും ഒട്ടും കൂട്ടാക്കാതെ അസത്യത്തിന്റെയും അനാചാരത്തിന്റെയും മാലിന്യ ഗർത്തത്തിൽ ശഠിച്ചു മുഴുകുന്നവരെ ഈ ലോകത്തുനിന്നു തുടച്ചു നീക്കുകയെന്നതും അല്ലാഹുവിന്റെ നടപടിക്രമമാകുന്നു. പൂർവ സമുദായങ്ങളിൽ അല്ലാഹു എത്രയോ പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു. മിക്ക സമുദായങ്ങളും അവരിലാഗതരായ പ്രവാചകവര്യന്മാരെ പരിഹസിച്ചു തള്ളുകയായിരുന്നു. അവരിൽ സത്യധർമങ്ങളുടെ എല്ലാ പരിധികളും ലംഘിച്ചു മുന്നേറിയവരെ അല്ലാഹു ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്തതിന് ചരിത്രം സാക്ഷിയാകുന്നു. ഈ ഖുറൈശികളെക്കാൾ പ്രബലരും വീരപരാക്രമികളുമായിരുന്നു അവർ. ആദ്-സമൂദ് ഗോത്രങ്ങൾ, മിദ്യാനികൾ, സോദോമികൾ എന്നിങ്ങനെ പൂർവകാലത്ത് നിരവധി ഉദാഹരണങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു. ഈ നിലപാട് തുടർന്നാൽ അതുതന്നെയായിരിക്കും ഇക്കൂട്ടരുടെയും പരിണതി. ●